LIBRARY ARCHIVES Kerala Legislative Assembly

ഓഫീസ് മോടിപിടിപ്പിക്കുന്നതിനുവേണ്ടി വിനിയോഗിച്ച തുക

2 [1576] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെക്രട്ടേറിയറ്റും സംസ്ഥാനത്തെ മറ്റു ഓഫീസുകളും മോടിപ്പിടിപ്പിക്കുന്നതിനു വേണ്ടി എന്തു തുക വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഭരണ നവീകരണത്തിന്റെ ഭാഗമായിട്ടാണോ ഓഫീസ് നവീകരണവും നടക്കുന്നത് എന്നറിയിക്കാമോ;

(സി) കഴിഞ്ഞ മൂന്നു വർഷമായി സെക്രട്ടേറിയറ്റിലും സംസ്ഥാനത്തെ മറ്റ് ഓഫീസുകളിലും എത്ര കമ്പ്യൂട്ടർ വാങ്ങിയെന്നും അവയ്ക്കുവേണ്ടി എന്തുതുക വിനിയോഗിച്ചുവെന്നും വെളിപ്പെടുത്താമോ;

(ഡി) ഓഫീസ് മോടിപിടിപ്പിക്കലിന്റെ ഭാഗമായി കഴിഞ്ഞ മൂന്നു വർഷമായി സെക്രട്ടേറിയറ്റിൽ നിന്നും നീക്കം ചെയ്ത ഫർണീച്ചറുകളുടെ എണ്ണവും അവ ഏതെല്ലാം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകി എന്നും തരംതിരിച്ചുള്ള ലിസ്റ്റ് നൽകാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെക്രട്ടേറിയറ്റിന്റെ പ്രധാന കെട്ടിടത്തിന്റെ പുനരുദ്ധാരണം, മോഡുലാർ സീറ്റിംഗ് എന്നീ പരിഷ്ക്കരണങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇതിനായി ഇതിനകം 3.48 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റ് പ്രധാന മന്ദിരത്തിൽ സ്ഥിതി ചെയ്യുന്ന ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് മോടിപിടിപ്പിക്കുന്നതിന്റെ ഭാഗമായി 49,57,100 രൂപ മതിപ്പ് ചെലവിൽ ഒരു മീഡിയ കോൺഫറൻസ് ഹാൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ നിന്നും ഇതിനകം 27,85,000 രൂപ ചെലവായി. മറ്റു സർക്കാർ വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു

(ബി) ഭാഗികമായി ഭരണ നവീകരണത്തിന്റെ ഭാഗമായാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സെക്രട്ടേറിയറ്റിൽ നിന്നും ഫർണിച്ചറുകൾ വ്യക്തികൾക്ക് നൽകിയിട്ടില്ല. ഗവൺമെന്റ് സ്കൂൾ/കോളേജ്/ഓഫീസ്/അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവകൾക്കാണ് നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.